തീയതി:27.12.2018

# <u>അറിയിപ്പ്</u>

കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ വിദ്യാസമുന്നതി മെറിറ്റ് സ്കോളർഷിപ്പ്, കോച്ചിംഗ് അസിസ്റ്റൻസ് പദ്ധതികളുടെ ഗുണഭോക്താക്കളായി <u>*മുൻ വർഷങ്ങളിൽ (2013-14 സാമ്പത്തിക വർഷം മുതൽ 2016-17 സാമ്പത്തിക വർഷം വരെ)*</u> തെരെഞ്ഞെടുക്കപ്പെട്ടിരുന്നതും ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ കാരണം സ്കോളർഷിപ്പ് തുക നാളിതുവരെ ലഭിച്ചിട്ടില്ലാത്തതുമായ ഗുണഭോക്താക്കൾ ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ്, ഓൺലൈനായി സമർപ്പിച്ചിരുന്ന അപേക്ഷയുടെ പകർപ്പ്, സ്കോളർഷിപ്പ് ക്ഷണിച്ച തീയതി മുതൽ നാളിതുവരെയുള്ള Detailed Bank Account Statement (ഓൺലൈൻ അപേക്ഷയിൽ പ്രതിപാദിച്ചിരുന്ന ബാങ്ക് അക്കൗണ്ടിന്റെ വിശദമായ സ്റ്റേറ്റ്മെന്റ് ബാങ്ക് അധികൃതരുടെ സാക്ഷ്യപ്പെടുത്തൽ സഹിതം) തുടങ്ങിയ രേഖകൾ ഉൾപ്പെടെ **<u>31-01-2019</u>** ന് മുമ്പായി ചുവടെ ചേർക്കുന്ന വിലാസത്തിൽ രേഖാമൂലം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**മാനേജിംഗ് ഡയറക്ടർ**
**കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ,**
**എൽ- 2, കുലീന, ജവഹർനഗർ,**
**കവടിയാർ. പി.ഒ,**
**തിരുവനന്തപുരം- 695003.**

ഇ-മെയിൽ മുഖേനയോ നേരിട്ടോ ഇത് സംബന്ധിച്ച അപേക്ഷകൾ ഇതിനോടകം തന്നെ സമർപ്പിച്ചവരിൽ ധനസഹായം ലഭ്യമാകാത്ത ഗുണഭോക്താക്കളും മേൽ നിർദ്ദേശിച്ച പ്രകാരം തപാൽ മാർഗ്ഗേന പുതുതായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**<u>അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതിയായ 31-01-2019 ശേഷം ലഭിക്കുന്ന പരാതികളും അപേക്ഷകളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.</u>**

Sd/-
മാനേജിംഗ് ഡയറക്ടർ